# സാമൂഹിക നീതിക്ക് വേണ്ടിയുള്ള സാമൂഹിക പ്രവർത്തനം – ഒരു ലഘുവിചാരം

ഫിലിപ്പ് മാത്യു

പരിഭാഷ : എൻ.പി.ജെ.

(കഴിഞ്ഞലക്കം തുടർച്ച)

ശ്രദ്ധേയമായ ഒരു കാര്യം ദേഹദ്രോഹക്കുറ്റം ചുമത്തി എൻ.ബി.എ.യ്ക്കെതിരെ ഫയൽ ചെയ്തിരുന്ന കേസിലും പോലീസ് അതിക്രമത്തിന്റെ പേരിൽ മദ്ധ്യപ്രദേശ് ഗവൺമെന്റിനെതിരെ എൻ.ബി.എ. കൊടുത്ത കേസിലും സുപ്രീംകോടതി പുറപ്പെടുവിച്ച വിധികൾ ജനാനുകൂലമായിരുന്നുവെന്നതാണ്. ആദ്യത്തെ കേസിൽ നർമ്മദാ ബച്ചാവൊ ആന്ദോളൻ പുനരധിവാസത്തിനും മനുഷ്യാവകാശത്തിനും വേണ്ടി പ്രവർത്തിക്കുന്ന നല്ല ഒരു ജനകീയ പ്രസ്ഥാനമാണെന്ന് അംഗീകരിച്ചുകൊണ്ട് അതിനെ കോടതി പൂർണമായും ആരോപണമുക്തമാക്കി. രണ്ടാമത്തേതിൽ സമാധാനാത്മകമായ പ്രതിഷേധങ്ങളെ നിഷ്ഠൂരമായി അടിച്ചമർത്തുന്ന ഭരണകൂടത്തെ ശക്തമായ് താക്കീത് ചെയ്തുകൊണ്ട് നീതിക്കു വേണ്ടി പോരാടുന്നതിനുള്ള ജനതയുടെ അവകാശത്തെ കോടതി ന്യായീകരിച്ചു. ഭരണകൂട നവോത്ഥാനങ്ങളുടെ പൊതുവായ ദുർബലപ്പെടലുകൾക്കിടയിൽ മനസ്സു വച്ചാൽ ജനോന്മുഖ നീതി നിർവഹണത്തിനും ഇടമുണ്ടാക്കാനാകുമെന്ന് ഈ രണ്ട് വിധികളും വ്യക്തമാക്കുന്നു. ഈ വിധികൾ വിസ്മയം ഉയർത്തുന്നുവെന്നത് പ്രശ്നങ്ങളുടെ സങ്കീർണസ്ഥിതിയെയാണ് പ്രതിഫലിപ്പിക്കുന്നത്. എന്നാൽ ഒരു സൂക്ഷ്മ വിശകലനത്തിൽ ഈ രണ്ട് വിധികളും സാമൂഹ്യനീതിയെക്കുറിച്ചുള്ള പ്രബലമായ ഉപരിവർഗ്ഗവീക്ഷണങ്ങളുടെ ചട്ടക്കൂടിൽത്തന്നെയാണെന്ന് കാണാനാകും. നർമ്മദാ നദീജല തർക്കപരിഹാരത്തിനായുള്ള ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ ഉദാഹരണമായെടുത്താൽ അണകെട്ടുന്നതിനെ പ്രത്യക്ഷമായി തടയുന്നതിന് പകരം അഹിംസാത്മകമായ രീതിയിൽ ഭരണഘടനാപരമായി സാധുവായ ആവശ്യങ്ങൾ മാത്രം ഉന്നയിക്കുന്നിടത്തോളം ഭരണകൂടത്തിന് അത് കാര്യമായ ഒരു വെല്ലുവിളിയും ഉയർത്തുന്നില്ലെന്ന് കാണാം. ഓരോ ഘട്ടത്തിലും പരസ്പര സംരക്ഷണനടപടികൾ സ്വീകരിക്കാതെയും പനരധിവാസം പൂർത്തിയാക്കാതെയും സർക്കാർ കാണിച്ച കാര്യപ്രാപ്തിയില്ലായ്മയാണ് അണക്കെട്ടിന്റെ നിർമ്മാണം വൈകിച്ചതെന്നും മറിച്ച് നർമ്മദാ ബച്ചാവൊ ആന്ദോളനല്ല ഉത്തരവാദിയെന്നും കോടതി ശരിയായി നിരീക്ഷിക്കുന്നുണ്ട്. പക്ഷേ അപ്പോഴും അവ നിലനില്ക്കുന്ന അനീതിയുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതേയില്ല. എങ്കിലും അത് ഒന്നുമില്ലാത്തതിനേക്കാൾ ഭേദമാണ്.

നീതിക്കുവേണ്ടി പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരും സംഘങ്ങളും ചെയ്യേണ്ടത് പ്രത്യാശ നഷ്ടപ്പെട്ട് മുഖ്യധാരാ വീക്ഷണങ്ങളുടെ കീഴ്പ്പെടുത്തലുകൾക്ക് വിധേയമാകുകയല്ല. ഭരണസംവിധാനവും പ്രകൃതിവിഭവങ്ങളുമെല്ലാം എല്ലാവരുടേതുമാണ്. ഭരണകൂടത്തിന്റെയും സാമൂഹികപ്രവർത്തനത്തിന്റെയും ഗതിവ്യതിയാനങ്ങൾ മനസ്സിലാക്കപ്പെടേണ്ടത് കോർപ്പറേറ്റ് വിഭാഗങ്ങൾ അവയെ പൂർണമായും തട്ടിയെടുത്തു എന്ന നിലയ്ക്കല്ല. സമൂഹത്തിൽ മാറിവരുന്ന ശക്തിബന്ധങ്ങളെ സൂക്ഷ്മമായി വിലയിരുത്തി സാധാരണക്കാരന്റെ പക്ഷത്തേക്ക് അതിനെ ചായ്‌വുള്ളതാക്കി മാറ്റുകയാണ് വേണ്ടത്. ചടുലമായ രാഷ്ട്രീയപ്രക്രിയകൾക്കിടയിൽ രാഷ്ട്രീയസമരങ്ങൾ കൊണ്ടു മാത്രമേ അനീതികളെ തുറന്നുകാട്ടാനാകു. ഭരണകൂടത്തിന് സവിശേഷമായ ഒരു വർഗസ്വഭാവമുള്ളതിനാൽ അതിന്റെ ഭാഗത്തുനിന്നും സ്വമേധയാ നീതി പ്രതീക്ഷിക്കാനാവില്ല. സാമൂഹ്യ പ്രവർത്തനവും ഇടപെടലുകളും മാറ്റപ്പെടാവുന്ന തന്ത്രങ്ങളാൽ വഴക്കമുള്ള, അതേ സമയം കൂട്ടായ ജീവിതത്തെക്കുറിച്ചും ശക്തിബന്ധങ്ങളിലെ സമത്വത്തെക്കുറിച്ചും അടിയുറച്ച ധാരണകളെയും, തത്വങ്ങളെയും ആസ്പദമാക്കിയുള്ള തുമായ തുടർപ്രവർത്തനങ്ങളാകണം.

നന്ദിഗ്രാം, പ്ലാച്ചിമട, പ്രത്യേക സാമ്പത്തിക മേഖല മൂലമുള്ള കുടിയൊഴിപ്പിക്കലിനെതിരെയും, വ്യവസായ മലിനീകരണത്തിനെതിരെയും ഉള്ള സമരങ്ങൾ തുടങ്ങിയ അതിജീവിതത്തിനായുള്ള അടിസ്ഥാനതല സമരങ്ങൾ ആയാലും അടിസ്ഥാന ജീവിതാവശ്യങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള സമരങ്ങൾ, പരിസരനീതി, അഴിമതി ഇല്ലാതാക്കൽ, ആണവോർജ്ജ വിമുക്തി, പുരുഷമേധാവിത്വത്തിൽനിന്നുള്ള വിടുതൽ തുടങ്ങിയവയ്ക്ക് വേണ്ടിയുള്ളവയായാലും നീതി നേടുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. ഇത് മനസ്സിൽ വച്ച് കൊണ്ടുള്ള ബഹുമുഖമായ ഒരു പ്രവർത്തന തന്ത്രമായിരിക്കണം സാമൂഹികപ്രവർത്തകർ അവലംബിക്കേണ്ടത്. വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഒരു വിശാലമായ നിരയെ ഉൾക്കൊള്ളുകയും കൂട്ടായ തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെ ശൈലി അവലംബിക്കുകയും ചെയ്താൽ, മൗഢ്യങ്ങളും നിരാശയും മൂലം തുടക്കത്തിലേ പോരാട്ടം ഉപേക്ഷിക്കാതിരിക്കാനാകും. കോർപ്പറേറ്റ് കാര്യദർശി സംഘങ്ങളുടെ ചരടുവലികൾക്കും അഭിപ്രായരൂപീകരണങ്ങൾക്കും ബദലായ് സമൂഹത്തിലെ ദുർബലരുടെ ശബ്ദങ്ങൾക്കും ചെവികൊടുക്കുകയും സമരമുഖങ്ങളിൽ ശരിയെന്നു തോന്നുന്ന എല്ലാ മാർഗങ്ങളും അവലംബിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഇതില്ലെങ്കിൽ പ്രവർത്തനങ്ങളുടെ സാധൂകരണം നഷ്ടപ്പെടുകയും സാമൂഹ്യനീതിയെക്കുറിച്ചുയർത്തുന്ന ചിന്തകൾ അസ്പഷ്ടമാവുകയും അർത്ഥശൂന്യമാവുകയും ചെയ്യും.

റിസർച്ച് സ്കോളർ,
സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്,
എം. ജി. യൂണിവേഴ്സിറ്റി, കോട്ടയം
ഫോൺ : 9446456616